# സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസിൽ നിക്ഷേപകർക്ക് താത്പര്യമേറെ

**കൊച്ചി:** ഇൻഫ്രാ സ്ട്രക്‌ചേഴ്‌സ് കേരള ലിമിറ്റഡ് (ഇൻകെൽ) അങ്കമാലി ടെൽക്കിനു സമീപം സ്ഥാപിക്കുന്ന പ്രഥമ സംരംഭമായ സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസിൽ നിക്ഷേപകർക്ക് താല്പര്യമേറെ. പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കാത്ത വ്യവസായങ്ങൾക്കായാണ് അഞ്ചര ഏക്കറിൽ 45 കോടി രൂപ മുതൽ മുടക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസ് സ്ഥാപിക്കുന്നത്.



ഇൻകെൽ അങ്കമാലിയിൽ സ്ഥാപിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസ് സംബന്ധിച്ച് നിക്ഷേപകരുടെ സംശയങ്ങൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിയും ഇൻകെൽ എം.ഡിയുമായ ടി. ബാലകൃഷ്ണൻ മറുപടി നൽകുന്നു. സാങ്കേതിക ഉപദേഷ്ടാവ് ടി.കെ. മുരളീധരൻ പിള്ള, എക്സിക്യൂട്ടീവ് ഡയറക്ടർ ശശിധരൻ നായർ, കമ്പനി സെക്രട്ടറിയും ജനറൽ മാനേജരുമായ കെ. പത്മദാസൻ എന്നിവർ സമീപം

ശനിയാഴ്ച അവന്യൂ സെൻററിൽ നടന്ന ഇൻററാക്ടീവ് സെഷനിൽ പദ്ധതി നിക്ഷേപകർക്കു മുന്നിൽ അവതരിപ്പിച്ചു. സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡൻറ് ഷാജി സെബാസ്റ്റ്യനടക്കം മൂന്നുപേർ താല്പര്യപത്രത്തിന് തയ്യാറായി. സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറിയും ഇൻകെൽ എംഡിയുമായ ടി. ബാലകൃഷ്ണൻ, സാങ്കേതിക ഉപദേഷ്ടാവ് ടി.കെ. മുരളീധരൻ പിള്ള, എക്സിക്യൂട്ടീവ് ഡയറക്ടർ ശശിധരൻ നായർ, കമ്പനി സെക്രട്ടറിയും ജനറൽ മാനേജരുമായ കെ. പത്മദാസൻ എന്നിവർ നിക്ഷേപകരുടെ സംശയങ്ങൾക്ക് മറുപടി നൽകി.

വ്യവസായിയെ സംബന്ധിച്ചിടത്തോളം ഏകജാലക സംവിധാനത്തിലൂടെ അനുമതി നേടി ഉടൻ സംരംഭം ആരംഭിക്കാമെന്നതാണ് സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസിൻെറ പ്രത്യേകത. ആദ്യ ഘട്ടത്തിൽ രണ്ടുലക്ഷം ചതുരശ്രയടി സ്ഥലത്ത് 5000 ചതുരശ്രയടിയുടെ 40 മോഡ്യൂളുകൾ അഞ്ചുനിലകളിലായി നിർമിക്കാനാണ് പദ്ധതി. സംരംഭകർ ചുരുങ്ങിയത് 5000 ചതുരശ്രയടിയുടെ മോഡ്യൂൾ എടുക്കണം. രണ്ടാം ഘട്ടത്തിൽ നാലുലക്ഷം ചതുരശ്രയടി സ്ഥലം ഒരുക്കും. വ്യവസായത്തിനാവശ്യമായ വെള്ളം, വൈദ്യുതി, റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാവും. 88 വർഷത്തെ പാട്ടത്തിനു നൽകുന്ന ഈ മോഡ്യൂളുകൾ, ഐടി, ഐടി അനുബന്ധം, ലഘു എൻജിനിയറിങ്ങ്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഏവിയോണിക്സ്, പ്രിൻറിങ് -പബ്ലിഷിങ്, വെയർ ഹൗസിങ്- ലോജിസ്റ്റിക്സ്, ബാങ്കിങ്, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുയോജ്യമാണ്. ആദ്യ ഘട്ടം 2012 മാർച്ചിൽ പൂർത്തിയാകും. ചതുരശ്രയടിക്ക് 2200 രൂപയാണ് നൽകേണ്ടത്. ഇത് കൈമാറാനും പണയം വെച്ച് വായ്പയെടുക്കാനും പാട്ടത്തിന് നൽകാനും കഴിയുമെന്നതിനാൽ വാണിജ്യപരമായി നല്ലൊരു നിക്ഷേപമാകുമെന്ന് ഇൻകെൽ വൃത്തങ്ങൾ ചൂണ്ടിക്കാട്ടി.